# കാട്ടുതീക്കാലം

ഒരു വർഷം കൂടി കടന്നു പോയിരിക്കുന്നു. ഒരു മഴക്കാലം കൂടി കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷം നല്ല മഴക്കാലം ഉണ്ടായിരുന്നുവോയെന്ന് ഇന്നു തിരിഞ്ഞു നോക്കിയാൽ നമുക്ക് സത്യമായും നിശ്ചയമില്ല. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ഒരു പ്രളയമുണ്ടായി എന്ന് നമുക്ക് വ്യക്തമായറിയാം. കേരളത്തിലെ മറ്റ് പല പ്രദേശങ്ങളെയും പോലെ പാലക്കാടൻ സമതലങ്ങളിൽ പ്രളയം ആഴമുള്ള വലിയ മുറിവുകൾ ഉണ്ടാക്കിയില്ല. സമതലങ്ങൾക്ക് ഇരുപുറവുമുള്ള മലകളായിരുന്നു തകർന്നടിഞ്ഞത്. ഇടിഞ്ഞിറങ്ങിയ മലകളിലെ ചുരങ്ങളൊക്കെ തകർന്നു. മലയടിവാരങ്ങളിലെ അണക്കെട്ടുകളുടെ ജലസംഭരണികളിൽ മുമ്പൊരിക്കലും ഇല്ലാത്തത്ര മണ്ണടിഞ്ഞു. അടിഞ്ഞ മണ്ണിന്റെ മുകളിലൂടെ വേനൽക്കൃഷിക്ക് കൂടി ലഭ്യമാകേണ്ട ജലം അണക്കെട്ടുകളുടെ ഷട്ടറു കവിഞ്ഞ് പുഴകളുടെ കരകളും കാർന്ന് ഒഴുകിപ്പോയി.

മഴ പെട്ടെന്ന് നിന്നു. കാര്യമായി മഞ്ഞും തണുപ്പുമില്ലാതെ പേരിന് മാത്രമുള്ള മഞ്ഞുകാലവും കടന്നുപോകാറായി. പുഴകളൊക്കെ വറ്റിക്കഴിഞ്ഞു. ചുട്ടുപഴുത്ത വേനലെത്താറായി. ഇനി മലകൾ പുകയാൻ തുടങ്ങും. കാടുണങ്ങിത്തുടങ്ങി. പച്ചപ്പുല്പ്പരപ്പുകൾക്ക് സ്വർണ്ണനിറമായിക്കഴിഞ്ഞു. ഇലകളും കൊഴിയാൻ തുടങ്ങി. ഇനി നീണ്ട വേനൽ രാത്രികളിൽ സമതലങ്ങൾക്ക് വടക്കും തെക്കും ചെങ്കുത്തായി ഉയരുന്ന പശ്ചിമഘട്ട മലനിരകളിൽ തീ നാളങ്ങൾ ഇഴഞ്ഞു നീങ്ങി പടർന്നുയരും. പാലക്കാട് സമതലങ്ങളിൽ എവിടെ നിന്നാലും ഇത് കാണാം. അകലെ കാണുന്ന തീനാളങ്ങൾ നമ്മുടെ ആരുടേയും ഉറക്കം കെടുത്തില്ല. എവിടെയോ എന്തോ സംഭവിക്കുന്നു എന്നു മാത്രം. ചിന്തയിലേക്ക് പോലും അത് കടന്നുവരില്ല.

പാലക്കാട് പാടങ്ങളുടെ, നെല്ലിന്റെ നാടാണ്. വരമ്പുകൾ അതിരിട്ട കള്ളികൾക്കുള്ളിൽ ഉഴുത മണ്ണിനു മേലെയും നെൽനാമ്പുകൾക്കുമിടയ്ക്കും വെള്ളം പലയാവർത്തി കയറിയിറങ്ങി ഒഴുകേണ്ട നാടാണ്. തൂതയും കല്പാത്തിയും കണ്ണാടിയും ചിറ്റൂർപ്പുഴയും ഗായത്രിയും ഇടമുറിയാതെ ഒഴുകി നീണ്ടകാലം കൊണ്ട് കരുപ്പിടിപ്പിച്ച് ഇക്കാലമത്രയും നിലനിറുത്തിയിരുന്ന നാടാണ്. നാലഞ്ചു മാസം നനവുള്ള പടിഞ്ഞാറൻ കാറ്റിലും മലതഴുകി കിഴക്കോട്ടൊഴുകുന്ന ഇടവപ്പാതി മഴമേഘങ്ങളിലും കുതിർന്ന്, പിന്നെ തുലാം കഴിഞ്ഞ്, ഇടയ്ക്കിടെ ഇടിവെട്ടി പെയ്തൊഴിയുന്ന കിഴക്കൻ മഴയും ഏറ്റുവാങ്ങി ഒടുവിൽ കരിമ്പനക്കൂട്ടങ്ങളെ കുലുക്കിപ്പായുന്ന വേനൽക്കാറ്റിൽ മയങ്ങി നിന്നിരുന്ന പാലക്കാട്. അന്ന് മലകൾക്ക് പച്ചക്കാടിന്റെ പുതപ്പുണ്ടായിരുന്നു.

പിന്നെപ്പിന്നെ ഇക്കാഴ്ചയൊക്കെ പെട്ടെന്ന് മാറി. സമതലങ്ങൾക്ക് വടക്ക് മഴമേഘങ്ങൾ മുഖം കറുപ്പിച്ചിരുന്ന കല്ലടിക്കോടൻ മലകളിലും മഴയിൽ മാഞ്ഞിരുന്ന ധോണി-പാലമലക്കുന്നുകളിലും, വാളയാർ-അടുപ്പുകൂട്ടി മലകളിലും കാടുകൾ കാണാതായി. കത്തിത്തുറന്ന മലഞ്ചരിവുകളിൽ പാറമടക്കുകൾക്കുള്ളിൽ തുണ്ടുകാടുകളുടെ പച്ചപ്പിന്റെ നേർരേഖകൾ മാത്രം അങ്ങിങ്ങ്. പാലക്കാടിന്റെ തെക്കൻ അതിരിൽ കിഴക്ക് പൊള്ളാച്ചി സമതലങ്ങൾ തുടങ്ങി പടിഞ്ഞാറ് തൃശ്ശൂർ ജില്ലയുടെ ഇടനാട് വരെ നീണ്ട ചെങ്കുത്തായി ഉയരുന്ന നെല്ലിയാമ്പതി മലകളിലൊരിടത്തും കാടിന്റെ നിഴൽ പോലുമില്ല. അടർന്ന് വീഴുന്ന കൂറ്റൻ കരിമ്പാറക്കെട്ടുകൾ. മഴപെയ്താൽ ഒഴുകുന്ന നേർത്ത വെള്ളിനൂൽ വെള്ളച്ചാട്ടങ്ങൾ പിന്നെ മൃഗതൃഷ്ണകളായി തോന്നും. കാലത്ത് നേരത്തേ പോലും ചക്രവാളത്തിലെ പർവ്വതരേഖയ്ക്ക് വ്യക്തതയില്ല. ചൂടിന്റെ പുകമൂടലാണ്. ഇനി തീക്കാലമാണ്.

## കാട്ടുതീ - ജീവനിഷേധം

അറിവില്ലാഞ്ഞിട്ടോ താത്പര്യമില്ലാഞ്ഞിട്ടോ കുറ്റകരമായ നിസ്സംഗത കാരണമോ കാടുകത്തുന്നത് നമ്മെ സ്പർശിക്കാറില്ല. പക്ഷേ അങ്ങകലെ കാടുകൾ കത്തിയമരുന്നത് നമ്മുടെ അടുത്തെത്തിക്കുന്നത് വരൾച്ചയും പട്ടിണിയും തിരുത്താനാവാത്ത നിതാന്ത ദാരിദ്ര്യവുമാണ്. ജീവനിഷേധം കൊണ്ടാവാം അല്ലെങ്കിൽ അറിവില്ലായ്ക കൊണ്ടാവാം നമ്മളിൽ ആരെങ്കിലും കാടിന് തീയിടുന്നത്. നമ്മുടെ സ്വന്തമല്ലാത്തത് എന്നു കരുതുന്ന വന അതിർത്തികൾക്കുള്ളിലാണ് കാടുകൾ കത്തുന്നത്. അതു നിയന്ത്രിക്കുന്നതിൽ നമുക്ക് ഒരു ചുമതലയും ഇല്ലെന്ന് കരുതുന്നതിലാണ് ജനാധിപത്യത്തിന്റെ, വിദ്യാഭ്യാസത്തിന്റെ, രാഷ്ട്രീയ അവബോധത്തിന്റെ പരാജയം. ആർക്കും ഒരിക്കലും പുനഃസൃഷ്ടിക്കാനാവാത്ത ഇന്നാടിന്റെ എക്കാലത്തേക്കും വേണ്ട പൊതുസ്വത്താണ് കത്തിനശിക്കുന്നതെന്ന് നാം ഓർക്കാറില്ല. പാവപ്പെട്ടവനും പണക്കാരനും ഗ്രാമീണനും നഗരവാസിക്കും കൃഷിക്കാരനും വ്യവസായത്തൊഴിലാളിക്കുമൊക്കെ നിലനില്ക്കാൻ വേണ്ട ജീവന്റെ തന്നെ അടിത്തറയാണ് പുകപടലങ്ങളായി ചാരമായി നമ്മുടെ കൺമുമ്പിൽ വച്ച് ഇല്ലാതാവുന്നത്. ചിന്ത കൊണ്ടോ വാക്കു കൊണ്ടോ പ്രവൃത്തി കൊണ്ടോ നാം ആരാണെങ്കിലും എവിടെയാണെങ്കിലും ആ തീനാളങ്ങളെ പ്രതിരോധിക്കാതിരിക്കുന്നതാണ് ഇന്നാട്ടിൽ ഇന്നത്തെ ഏറ്റവും വലിയൊരു ദേശദ്രോഹം, മനുഷ്യത്വരാഹിത്യം.

മലങ്കാടുകൾ കത്തിച്ചാരമാവുമ്പോൾ നശിക്കുന്നത് വനസസ്യാവരണം മാത്രമല്ല. ഭൂമിയുടെ ആ ഹരിതാവരണം കാത്തു സൂക്ഷിച്ചു നിയന്ത്രിക്കുന്ന, കൃഷിക്കും എല്ലാ മനുഷ്യപ്രവൃത്തികൾക്കും വേണ്ടുന്ന കാലാവ

സ്ഥയുടെ താളമാണ് തെറ്റുന്നത്. നാം മുൻകൂട്ടി കണ്ട് നമ്മുടെ സമൂഹജീവിതത്തിന്റെ എല്ലാ ദൈനംദിന പ്രവൃത്തികൾക്കും തലമുറകൾക്കപ്പുറം നീണ്ടു നില്ക്കേണ്ട എല്ലാ പ്രവൃത്തികൾക്കും മുന്നൊരുക്കം കൂട്ടിയിരുന്നത് പ്രകൃതിയുടെ താളത്തിന്റെ കൃത്യതയെ ആശ്രയിച്ചായിരുന്നു. കാടുകൾ കത്തി കാലാവസ്ഥ താളം തെറ്റുമ്പോൾ നമുക്ക് കൈവിട്ടു പോകുന്നത് പ്രകൃതിയുടെ താളത്തിലുള്ള വിശ്വസനീയതയാണ്.

കാടിന്റെ മേലാപ്പിനുള്ളിലെ അന്തരീക്ഷം കാത്തു വച്ച മഴക്കാലത്തെ പെയ്ത്തു വെള്ളവും മണ്ണിലൂർന്നിറങ്ങി നനവിന്റെ നൂലുകൾ ഒത്തുചേർന്ന് ജനിപ്പിച്ച നീർച്ചാലുകളും മാത്രമല്ല കാട്ടുതീയിൽ അപ്രത്യക്ഷമാവുന്നത്. നമുക്ക് പരിചിതമായ മലകളുടേയും പുഴകളുടേയും നാടിന്റെയും രൂപം തന്നെ തകർന്ന് ഇല്ലാതാവുകയാണ്. **കാട് കത്തി സൃഷ്ടിക്കുന്ന ആയിരക്കണക്കിന് ഡിഗ്രി സെന്റിഗ്രേഡ് താപനിലയിൽ മണ്ണ് വെന്ത് അതിന്റെ രാസസ്വഭാവം പൂർണ്ണമായി മാറുന്നു. ജൈവാംശം നഷ്ടപ്പെട്ട് പശിമ നശിച്ച മണ്ണ് വെന്തടർന്ന് ആദ്യത്തെ മഴയിലൊഴുകി താഴേക്കുള്ള അതിന്റെ യാത്രയിൽ മലഞ്ചരിവ് മുഴുവൻ ഇളക്കിയടർത്തി മലകളുടെ എല്ലിൻകൂടുകൾ മാത്രം ബാക്കിവയ്ക്കുന്നു.**

പാലക്കാടൻ ചൂടിൽ വികസിച്ചടർന്ന പാറച്ചരിവുകളിൽ കാട്ടുതീയുടെ തീക്ഷ്ണമായ ചൂടും കൂടിച്ചേരുമ്പോൾ പാറകൾ പൊട്ടിയടരുന്നു. ശക്തിയുള്ള മഴയിൽ നില്ക്കാൻ ഇടമില്ലാത്ത മഴവെള്ളത്തിന്റെ കുത്തൊഴുക്കിൽ ഇതൊക്കെ ഉരുൾപ്പൊട്ടലും മലയിടിച്ചിലുമായി താഴ്‌വാരങ്ങളെ, നദീതടങ്ങളെ, നമ്മുടെ കാർഷിക സംസ്കാരത്തെ തന്നെ മണ്ണിട്ട് മൂടുന്നു. കത്തിയമരുന്ന കാടിൽ നിന്നുയരുന്ന കരിപ്പൊടിയും വാതകങ്ങളും അന്തരീക്ഷത്തിലേക്ക് ഉയർന്ന് ഭൂമിയുടെ ചൂട് വർദ്ധിപ്പിച്ച് ഭൂമണ്ഡലത്തിന്റെ മൊത്തം കാലാവസ്ഥയേയും താറുമാറാക്കുന്നു.

പാലക്കാടൻ കുന്നുകളിൽ വേനൽത്തീ തുടങ്ങിയിട്ട് കുറച്ച് വർഷങ്ങളായി. കത്തിത്തുറന്ന കാടുകൾക്കുള്ളിൽ പാറത്തളങ്ങളും പുല്ലും മുൾച്ചെടികളും അല്ലാതൊന്നും കാര്യമായി ബാക്കിയില്ല. ആനയ്ക്കും മാനിനും പന്നിക്കും കുരങ്ങിനും എല്ലാത്തിനും നമ്മെ പോലെ ദാഹവും വിശപ്പുമുണ്ട്. അവരും മലവിട്ടിറങ്ങുന്നു ദാഹിച്ചും വിശന്നിട്ടും. മനുഷ്യരും ജീവികളുടെ ലോകവുമായി പുതിയ അതിർത്തി, അവകാശ സംഘട്ടനത്തിന്റെ രംഗങ്ങളും എല്ലായിടത്തും വർധിക്കുന്നു. ഇന്ന് അവരാണ് അഭയാർത്ഥികൾ. സ്വന്തം ഇടങ്ങളിൽ നിന്ന് നിഷ്കാസിതർ. കാട് കത്തുന്നത് തുടർന്നാൽ നാളെ നമ്മളും ഉണ്ടാവും അവർക്കു പിന്നാലെ. നമ്മൾ എവിടേക്ക് പോകും എന്നത് ഉത്തരമില്ലാത്ത ചോദ്യമാണ്.

ഓരോ വർഷങ്ങളിലും വേനലിൽ കാടുകൾ കത്തുമ്പോൾ മലകൾ കൂടുതൽ പൊട്ടിയടരുന്നു. ഓരോ മഴക്കാലത്തും മലകൾ കൂടുതൽ കുതിർന്നടർന്നു വീഴുന്നു. വേരു പറിഞ്ഞ മരങ്ങളും കഴിഞ്ഞ കാട്ടുതീയിൽ പകുതി കരിഞ്ഞ സസ്യങ്ങളും അടുത്ത വേനലിൽ കാട്ടുതീക്ക് കത്തിപ്പടരാൻ കൂടുതൽ ഇന്ധനം നല്കുന്നു. തുലാവർഷ മഴ കുറയുന്നു. കാടു നേരത്തേ ഉണങ്ങുന്നു. ഉണങ്ങിമാറുന്ന നിത്യഹരിതവനത്തിനു പകരം വരുന്ന ഇലപൊഴിയും കാടുകളിൽ കൂടുതൽ നേരത്തേ തീ കത്തിത്തുടങ്ങുന്നു. കത്തിത്തുറന്ന പാറച്ചരിവുകൾ തീ തുപ്പുന്നു. വേനൽച്ചൂടിൽ അവയക്ക് ചുറ്റിലും കാടുകൾ കൂടുതൽ ഉണങ്ങുന്നു. കാടുകളുടെ നിത്യഹരിതസ്വഭാവം മാറി പകരം വളരുന്ന കുറ്റിച്ചെടികളും പുല്ലും കൂടുതൽ എളുപ്പം കത്തുന്നു

നഗ്നമായ പാറച്ചരിവുകൾ അന്തരീക്ഷം കൂടുതൽ ചൂടുപിടിപ്പിക്കുന്നു. ആ ചൂടേറ്റ് സമതലങ്ങളിലെ മണ്ണുമുണങ്ങുന്നു. പ്രത്യേകിച്ച് ചിറ്റൂർ താലൂക്കിലെ കറുത്ത പശിമരാശി മണ്ണ് കൂടുതൽ ചൂടുൾക്കൊള്ളാൻ കഴിവുള്ളതായതു കൊണ്ട് അവിടത്തെ വരൾച്ച കൂടുതൽ ശക്തമാണ്. ആ വരൾച്ച അതിനോട് ചേർന്ന നെല്ലിയാമ്പതി മലഞ്ചരിവുകളെയും കൂടുതൽ ചൂടേല്പിക്കുന്നു. എന്നോ വരണ്ടു കഴിഞ്ഞ കിഴക്കൻ പൊള്ളാച്ചി സമതലങ്ങളിൽ നിന്ന് വീശുന്ന കാറ്റിന്റെ വേഗത കുറയ്ക്കാനും തണുപ്പിക്കാനും കാടുകൾ ബാക്കിയില്ലാത്ത നമ്മുടെ പശ്ചിമഘട്ടച്ചരിവുകളിലൂടെ വരുന്ന വരണ്ട കാറ്റ് പാലക്കാടിനെ കൂടുതൽ ഉണക്കുന്നു. കാടു കത്താനുള്ള സാദ്ധ്യത വീണ്ടും കൂടുന്നു. അണക്കെട്ടുകളിൽ ജലമില്ല. വേനൽത്തുടക്കത്തിലേ കിണറുകളും കുളങ്ങളും വറ്റി. രാസസംയുക്തങ്ങൾ കലർന്ന കുഴൽക്കിണർ ജലം മാത്രമാണിന്ന് ആശ്രയം. അവിടെയും ഭൂഗർഭജലനിരപ്പ് താഴുന്നു. മണ്ണിലേക്ക് കിനിഞ്ഞിറങ്ങാനാവാത്ത മഴവെള്ളം മലവെള്ളപ്പാച്ചിലായി പൊന്നാന്നിക്കപ്പുറം കടലിലെത്താൻ സമയമൊട്ടും വേണ്ട.

ഇതൊന്നും നമുക്ക് മുമ്പറിയാത്ത, പുത്തൻ കണ്ടെത്തലുകളൊന്നുമല്ല. നമുക്ക് ഇടപെട്ട് തിരുത്താനാവാത്ത കാര്യങ്ങളുമല്ല. നാമൊക്കെ നിസ്സംഗരായി പ്രതികരണമൊന്നുമില്ലാതെ നില്ക്കുകയല്ലേ? **കേരളചരിത്രത്തിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിനു ശേഷം നമ്മുടെ ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയ്ക്ക് തൊട്ടുമുമ്പിലാണ് നാം.** ഭരണകൂടത്തിന്, പ്രത്യേകിച്ച് വനംവകുപ്പിന്, സാധാരണ വർഷങ്ങളിൽ പോലും കാട്ടുതീ ചെറുക്കാൻ സംവിധാനങ്ങളുടെയും പണത്തിന്റെയും അപര്യാപ്തതയുണ്ട്. കുറച്ച് ഫയർലൈനുകളും കുറച്ചു വാച്ചർമാരും മാത്രമാണ് വനംവകുപ്പിന് സമൂഹസഹായമൊന്നുമില്ലാതെ തീ ചെറുക്കാൻ ആകെയുള്ളത്. **വെള്ളപ്പൊക്കത്തിന്റെ മാനുഷിക ദുരന്തവശത്തിനും വരൾച്ചയുടെ മനുഷ്യ നിസ്സാഹയതയുടെ മുഖത്തിനും മാധ്യമ ശ്രദ്ധ കിട്ടും. സമൂഹത്തിന്റെയും ഭരണവ്യവസ്ഥയുടേയും ഇട**

**പെടലുകളും ഉണ്ടാവും. പക്ഷേ ഇതു രണ്ടിന്റെയും മൂലകാരണമായ മലകളുടെ, കാടുകളുടെ നാശം ഇന്നും ആരും കാര്യമായി എടുത്തിട്ടില്ല.**

കത്തുന്ന മലകൾ അങ്ങ് ദൂരെയാണ്. അത് വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭൂമിയാണ്. അതിന്റെ പൊള്ളലേല്ക്കുന്ന മനുഷ്യമനസ്സുകൾ വളരെ കുറച്ചു മാത്രമേയുള്ളൂ. ഭരണ അധികാര സ്ഥാപനങ്ങളെ വേദനിപ്പിക്കുന്ന മർമ്മങ്ങളിൽ നിന്ന് അകലെയാണ് കാട്. കാട് കത്തുന്നത് അറിയുന്നത് തന്നെ കടലാസ്സ് രേഖകളായി മാത്രമാണ്.

**നാം എല്ലാവരും ആവുന്നതൊക്കെ ചെയ്തേ മതിയാവൂ. നാമൊക്കെ ഒന്നിക്കണം. കാട്ടുതീയുടെ യാഥാർത്ഥ്യം അറിയാത്തവരെ വാക്കു കൊണ്ടെങ്കിലും സ്വാധീനിക്കണം. കാട്ടുതീ ചെറുക്കാൻ പ്രലോഭനങ്ങളുടെ ആവശ്യമില്ല. പ്രതിഫലേച്ഛയും വേണ്ട. ഇത് നമ്മെ എല്ലാവരേയും ബാധിക്കുന്ന, ഇന്നാട്ടിന്റെ ജീവസാഹചര്യങ്ങളുടെ തുടർച്ചയേയും ബാധിക്കുന്ന പ്രശ്നമാണ്.**

**കാടുകൾ കത്തരുത്.**
**കത്തിത്തുടങ്ങിയാൽ പടരരുത്.**
**കത്തിത്തുറന്നു പോയയിടങ്ങളിൽ നാം തന്നെ കാട് തിരിച്ചു കൊണ്ടുവരണം.**